# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ മാതൃക ചോദ്യങ്ങൾ

**02/10/2022** **മാർക്ക് – 50**

## Std II

**A. ഒറ്റ വാക്കിൽ ഉത്തരം പറയുക** **(1 x 10 = 10)**

1. ദൈവം തന്റെ ഛായയിൽ സൃഷ്ടിച്ചത് ആരെ?
ഉ: മനുഷ്യനെ/നമ്മെ (1/10)
2. ദൈവത്തിന്റെ ഛായ എന്താണ്?
ഉ: സ്നേഹം (1/10)
3. നമ്മുടെ ആദിമാതാപിതാക്കളുടെ പേരെന്താണ്?
ഉ: ആദവും ഹവ്വായും (1/9)
4. ഏദൻതോട്ടത്തിന്റെ മറ്റൊരു പേര്?
ഉ: പറുദീസാ (2/13)
5. ആദത്തിനെയും ഹവ്വായെയും ദൈവം എവിടെയാണ് താമസിപ്പിച്ചത്?
ഉ: ഏദൻതോട്ടത്തിൽ (2/13)
6. ദൈവത്തോടൊപ്പം വസിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന സന്തോഷം?
ഉ: പറുദീസായിലെ സന്തോഷം (2/14)
7. ആദത്തിനും ഹവ്വായ്ക്കും ദൈവത്തിന്റെ മുമ്പിൽ വരുവാൻ പേടി തോന്നാൻ കാരണമെന്ത് ?
ഉ: അനുസരണക്കേട് കാണിച്ചതുകൊണ്ട് (3/18)
8. ദൈവത്തിന്റെ കല്പന ലംഘിച്ച ആദിമാതാപിതാക്കൾക്ക് ലഭിച്ച ശിക്ഷ എന്താണ്?
ഉ: ഏദൻതോട്ടത്തിൽ നിന്നും ദൈവം അവരെ പുറത്താക്കി (4/21)
9. കർത്താവ് ആദത്തെയും ഹവ്വായെയും എവിടെ നിന്നാണ് പുറത്താക്കിയത്?
ഉ: ഏദൻതോട്ടത്തിൽ നിന്ന് (4/21)
10. ദൈവം തെറ്റു ചെയ്ത ആദിമാതാപിതാക്കളെ ശിക്ഷിച്ചുവെങ്കിലും അവരോട് എന്തുതോന്നി?
ഉ: കരുണ (4/21)
11. നാം പാപം ചെയ്യുമ്പോൾ വേദനിക്കുന്നത് ആരാണ്?
ഉ: ദൈവം (4/22)
12. തെറ്റു ചെയ്താലും നമ്മെ സ്നേഹിക്കുന്ന സ്നേഹപിതാവ് ആര്?
ഉ: ദൈവം (4/22)
13. നമ്മുടെ സന്തോഷം ഇല്ലാതാക്കുന്നത് എന്താണ്?
ഉ: പാപം (4/22)
14. ദൈവം വാഗ്ദാനം ചെയ്ത രക്ഷകന്റെ പേരെന്താണ്?
ഉ: ഈശോ (5/26)
15. ആദിമാതാപിതാക്കളെ രക്ഷിക്കാൻ ദൈവം എന്താണ് വാഗ്ദാനം ചെയ്തത്?
ഉ: രക്ഷകനെ (5/26)
16. മറിയം താമസിച്ചിരുന്ന പട്ടണം ഏത്?
ഉ: നസ്രത്ത് (6/29)
17. യൗസേപ്പിതാവിന്റെ വംശം ഏത്?
ഉ: ദാവീദിന്റെ (6/29)
18. മറിയത്തിന്റെ അടുത്തുവന്ന മാലാഖയുടെ പേരെന്ത്?
ഉ: ഗബ്രിയേൽ (6/29)

19. ജനിക്കുന്ന ശിശുവിന് എന്ത് പേരിടാനാണ് മാലാഖ മറിയത്തോട് പറഞ്ഞത്?
ഉ: യേശു (6/29)
20. രക്ഷകനായ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള വാർത്തയെ വിളിക്കുന്ന പേര്?
ഉ: മംഗളവാർത്ത (6/30)
21. രാവിലെയും ഉച്ചയ്ക്കും വൈകിട്ടും നാം ചൊല്ലുന്ന പ്രാർത്ഥനയുടെ പേരെന്ത്?
ഉ: ത്രികാലജപം/കർത്താവിന്റെ മാലാഖ എന്ന ജപം (6/31)
22. ഈശോ ജനിച്ച വാർത്ത ആരാണ് ആദ്യം അറിഞ്ഞത്?
ഉ: ആട്ടിടയന്മാർ (7/33)
23. ഈശോയുടെ പിറവിത്തിരുനാളിന് പറയുന്ന പേര്?
ഉ: ക്രിസ്തുമസ് (7/34)
24. എന്നാണ് നാം ക്രിസ്തുമസ് ആഘോഷിക്കുന്നത്?
ഉ: ഡിസംബർ 25-ാം തീയതി ((7/34)
25. മറിയം ഉണ്ണീശോയെ എവിടെയാണ് കിടത്തിയത്?
ഉ: പുൽത്തൊട്ടിയിൽ (7/34)
26. രക്ഷകനായ ഈശോ ജനിച്ചത് എവിടെയാണ്?
ഉ: ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ (7/35)
27. ഈശോ ജനിച്ച പട്ടണം ഏത് ?
ഉ: ബേത്‌ലെഹെം (7/33)
28. കീർത്തനങ്ങൾ പാടി ഉണ്ണിയീശോയെ സ്തുതിച്ചത് ആരാണ്?
ഉ: മാലാഖമാർ (7/36)
29. എവിടെ നിന്നാണ് ജ്ഞാനികൾ ഈശോയെ അന്വേഷിച്ച് വന്നത്?
ഉ: കിഴക്കുദേശത്ത് നിന്ന് (8/37)
30. ഈശോ എവിടെ ജനിക്കുമെന്നാണ് പുരോഹിതന്മാർ പറഞ്ഞത്?
ഉ: യൂദയായിലെ ബേത്‌ലെഹമിൽ (8/37)
31. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ സഭ ആചരിക്കുന്നത് എന്നാണ്?
ഉ: ഡിസംബർ 28-ാം തീയതി (8/38)

## B. ചുരുങ്ങിയ വാക്കുകളിൽ ഉത്തരം പറയുക (3 x 5 = 15)

1. ആദവും ഹവ്വായും ഏദൻതോട്ടത്തിൽ ദൈവത്തോടൊപ്പം എങ്ങനെയാണ് ജീവിച്ചിരുന്നത്?
ഉ: ദൈവത്തെ സ്നേഹിച്ചും അനുസരിച്ചും സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത്. (2/13)
2. ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന രണ്ടു വൃക്ഷങ്ങളുടെ പേരു പറയുക?
ഉ: ജീവന്റെ വൃക്ഷവും നന്മതിന്മകളുടെ അറിവിന്റെ വൃക്ഷവുമാണ് ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന രണ്ടു വൃക്ഷങ്ങൾ. (2/13)
3. ആദിമാതാപിതാക്കൾ ചെയ്ത പാപമെന്താണ്?
ഉ: അവർ ദൈവകല്പന ലംഘിച്ചു. ദൈവസ്നേഹത്തെ നഷ്ടപ്പെടുത്തി. (3/19)
4. ദൈവം ആദിമാതാപിതാക്കൾക്ക് നൽകിയ കല്പന എന്തായിരുന്നു?
ഉ: ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളുടെ മരത്തിന്റെ ഫലം ഭക്ഷിക്കരുത് എന്നാണ് ദൈവം നൽകിയ കല്പന. (3/17)
5. ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ട ആദിമാതാപിതാക്കൾ സഹിച്ച വേദനകൾ എന്തെല്ലാം?
ഉ: മുള്ളുകളും, മുൾച്ചെടികളും നിറഞ്ഞ മണ്ണിൽ പണിയെടുത്തു, അന്നന്നുള്ള ആഹാരത്തിനുവേണ്ടി അധ്വാനിച്ചു. (5/25)
6. ദൈവത്തിന്റെ ഇഷ്ടം സ്വീകരിച്ചുകൊണ്ട് മറിയം പറഞ്ഞത് എന്ത്?
ഉ: “ഇതാ, കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ” (ലൂക്കാ 1:38). (6/30)
7. മാലാഖ മറിയത്തെ കണ്ടപ്പോൾ ആദ്യം പറഞ്ഞതെന്ത്?
ഉ: “ദൈവകൃപ നിറഞ്ഞവളേ സ്വസ്തി! കർത്താവ് നിന്നോടു കൂടെ” (ലൂക്കാ 1:28). (6/29)

8. നാം എന്തിനാണ് പുൽക്കൂട് ഉണ്ടാക്കുന്നത്?

ഉ: ഉണ്ണീശോ കാലിത്തൊഴുത്തിൽ ജനിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണ് നാം ക്രിസ്തുമസിന് പുൽക്കൂട് ഉണ്ടാക്കുന്നത്. (7/35)

9. ജ്ഞാനികൾ ഈശോയ്ക്ക് നൽകിയ സമ്മാനങ്ങൾ ഏവ?

ഉ: സ്വർണ്ണം, മീറ, കുന്തുരുക്കം (8/38)

## C. നമസ്കാരങ്ങൾ ഏതെങ്കിലും ഒരെണ്ണം പറയുക. (1 x 5 = 5)

1. വലിയ കുരിശടയാളം വരയ്ക്കുക.
2. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുക.
3. 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലുക.
4. സാധാരണ ത്രിസന്ധ്യാജപം ചൊല്ലുക.

## D. പാഠപുസ്തകത്തിലെ ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പാട്ട് പാടുക. (1 x 5 = 5)

## E. ഇന്റേണൽ അസസ്സ്മെന്റ് Marks: 15

മാതാപിതാക്കൾ 5 മാർക്കിൽ, അധ്യാപകർ 10 മാർക്കിൽ